# സഹപാഠ്യ മത്സരങ്ങൾ 2022

(സർക്കുലർ നമ്പർ 5 ന്റെ വിശദീകരണം)

**മത്സരതീയതികൾ**

1. സ്കൂൾ തലം 2022 ആഗസ്റ്റ് 14 ഞായർ
2. ഡിസ്ട്രിക്ട് തലം 2022 സെപ്റ്റംബർ 10 ശനി
3. ഭദ്രാസന തലം 2022 ഒക്ടോബർ 8 ശനി
4. സോണൽ തലം 2022 നവംബർ 12 ശനി
5. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ 2023 ജനുവരി 14 ശനി

(വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ)

ഭദ്രാസന, സോണൽ മത്സരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന തീയതികളിൽ തന്നെ നടത്തേണ്ടതാണ്. സ്കൂൾതലം, സ്കൂളുകളുടെ സൗകര്യം അനുസരിച്ച് ഡിസ്ട്രിക്ട് മത്സരത്തിനു മുമ്പായി നടത്താവുന്നതാണ്. ഡിസ്ട്രിക്ട് തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് ആവശ്യമെങ്കിൽ മാറ്റാവുന്നതാണ്.

| ക്ലാസ് | വിഭാഗം | ജനനതീയതി |
|---|---|---|
| **ബേത്‌ലഹേം ക്ലാസ്സു മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ** | സബ് ജൂണിയർ | 01-01-2013 നോ അതിനു ശേഷമോ ജനിച്ചവർ |
| | ജൂണിയർ | 01-01-2010 മുതൽ 31-12-2012 വരെ ജനിച്ചവർ |
| | സീനിയർ | 01-01-2005 മുതൽ 31-12-2009 വരെ ജനിച്ചവർ |
| **11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ** | ഹയർ സെക്കണ്ടറി | 01-01-2003 നോ അതിനു ശേഷമോ ജനിച്ചവർ |

പ്രായം അനുസരിച്ച് ഓരോ വിദ്യാർത്ഥിയും ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളു. 11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമെ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളു. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ളവർ മറ്റു വിഭാഗത്തിലോ മറ്റു വിഭാഗത്തിലുള്ളവർ ഈ വിഭാഗത്തിലോ മത്സരിക്കുവാൻ പാടില്ല. ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമെ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളു.

## മത്സര ഇനങ്ങൾ

| | |
|---|---|
| സബ്ജൂണിയർ | പ്രസംഗം, സംഗീതം |
| ജൂണിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം |
| സീനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതു വിജ്ഞാനം |
| ഹയർസെക്കണ്ടറി | പൊതുവിജ്ഞാനം, ഉപന്യാസം, വേദവാക്യം, ഔഗേൻ ബാവ അനുസ്മരണ പ്രസംഗം |

**പ്രസംഗമത്സരം**

| വിഭാഗം | പ്രസംഗവിഷയങ്ങൾ |
|---|---|
| സബ്ജൂണിയർ | (1) നല്ല ഇടയൻ (2) സഹാനുഭൂതി |
| ജൂണിയർ | (1) എല്ലാവരെയും ബഹുമാനിപ്പിൻ (1 പത്രോസ് 2:17)<br>(2) കരുണയുള്ളവർ ഭാഗ്യവാന്മാർ (വി. മത്തായി 5:7) |
| സീനിയർ | **സ്കൂൾതലം മുതൽതന്നെ** 10 മിനിറ്റ് മുമ്പുമാത്രമായിരിക്കും പ്രസംഗ വിഷയം നൽകുന്നത്. |
| ഹയർസെക്കണ്ടറി | ഔഗേൻ ബാവ അനുസ്മരണ പ്രസംഗം |

ജഡ്ജസിന്റെ സാന്നിദ്ധ്യത്തിൽ നറുക്കിട്ട് ഒരു വിഷയം തെരഞ്ഞെടുത്ത് ഓരോരുത്തർക്കും 5 മിനിറ്റ് മുമ്പ് നൽകണം. പ്രസംഗസമയം 5 മിനിട്ടായിരിക്കും. പ്രസംഗമത്സരങ്ങൾക്ക് വാണിംഗ് ബെല്ലും ഫൈനൽ ബെല്ലും നൽകുന്ന രീതിയും അതു നൽകുന്ന സമയവും മത്സരം ആരംഭിക്കുന്നതിനു മുമ്പ് (പങ്കെടുക്കുന്ന കുട്ടികളും ജഡ്ജസും സന്നിഹിതരായിരിക്കുമ്പോൾ) പരസ്യമായി മത്സരവേദിയിൽ ബോദ്ധ്യപ്പെടുത്തണം. വാണിംഗ് ബെൽ ഫൈനൽ ബെല്ലിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കണം. സീനിയർ വിഭാഗത്തിൽ ഡിസ്ട്രിക്ട് തലത്തിൽ പ്രസംഗ വിഷയം ഭദ്രാസന ഡയറക്ടർ നല്കേണ്ടതാണ്. വിലയിരുത്തൽ മാനദണ്ഡം: ഭാഷാശൈലി, ആശയം, അവതരണം എന്നിവയാണ്.

**സംഗീത മത്സരം**

സമയം 3 മിനിറ്റ് ആണ്. മലയാള ക്രിസ്തീയഗാനങ്ങൾ മാത്രം ആലപിക്കണം. ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല. വിലയിരുത്തൽ മാനദണ്ഡം: ശ്രുതി, ലയം, താളം, അവതരണം എന്നിവയാണ്.

**സമൂഹഗാന മത്സരം**

മത്സരസമയം 3 മിനിറ്റ് ആണ്. ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽ കൂടുവാൻ പാടില്ല. തിരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ. പെന്തിക്കോസ്തി പെരുന്നാളിലെ ശുശ്രൂഷാഗീതങ്ങളും വി. കുർബാനയിലെ പെന്തിക്കോസ്തി ദിവസത്തിലെ പ്രത്യേക ഗീതങ്ങളും മാത്രമാണ് ആലപിക്കാവുന്നത്. പെന്തിക്കോസ്തി ദിവസത്തിലെ ആരാധനയ്ക്ക് ഏഴാം നിറമാണ് ഉപയോഗിക്കുന്നത്. അതിനാൽ പ്രത്യേക ഗീതങ്ങളും ഏഴാം നിറത്തിൽതന്നെ ആലപിക്കണം. വിലയിരുത്തൽ മാനദണ്ഡം: ശ്രുതി, ലയം, താളം, അവതരണം, ശബ്ദഏകീകരണം എന്നിവയാണ്.

**ആലപിക്കാവുന്ന ഗീതങ്ങൾ (ഏഴാം നിറം)**

**പെന്തിക്കോസ്തി ദിവസത്തിലെ പ്രത്യേക ഗീതങ്ങൾ**

1. പെന്തിക്കോസ്തിൻ ഞായർനാൾ-ആശ്വാസദനാം റൂഹായെ...,
2. പെന്തിക്കോസ്തിന്നന്ത്യത്തിൽ-നാവുകൾ ശിഷ്യർക്കായെത്തി...

**പെന്തിക്കോസ്തി ശുശ്രൂഷാ ഗീതങ്ങൾ**

3. സത്യമതാം-വാഗ്ദത്തം-ശ്ലീഹർക്കായ് ഈ ദിവസത്തിൽ...

4. റൂഹ്ക്കുദിശാ-അവരോഹം ചെയ്തിട്ടിപ്പരിപാവനമാം നാളിൽ...
5. ഈശാ നാഥാ!-വാരപ്പെരുന്നാളായിടുമീ പെന്തിക്കൊസ്തിൻ...
6. ആശ്വാസംനൽകും റൂഹാ-ഇപ്പരിപാവനമാം നാളിൽ...

## വാക്യ മത്സരം

സമയം 45 മിനിറ്റ് ആണ്. ''തങ്കവാക്യ പുസ്തകം'' ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക. സീനിയർ വിഭാഗത്തിന് തങ്കവാക്യപുസ്തകത്തിലെ എല്ലാ വിഷയങ്ങളും ഉണ്ടാകും. 2018-ൽ പ്രസിദ്ധീകരിച്ച തങ്കവാക്യപുസ്തകം റഫറൻസിനായി ഉപയോഗിക്കാവുന്നതാണ്. ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന മലയാള വേദപുസ്തകം ആയിരിക്കും പാഠരൂപത്തിന് (Text) ആധാരമാക്കുന്നത്.

## പൊതുവിജ്ഞാനമത്സരം

സമയം 45 മിനിറ്റ് ആണ്. ''പൊതുവിജ്ഞാനപഠനസഹായി'' എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ. വാക്യമത്സരത്തിനും പൊതുവിജ്ഞാനത്തിനും അതത് മത്സരകേന്ദ്രങ്ങളിൽ ഉത്തരക്കടലാസ് പരിശോധിച്ച് ഫലം പ്രഖ്യാപിക്കണം. (സോണൽ മത്സരങ്ങളിൽ ഒഴികെ).

## പരിശുദ്ധ ഔഗേൻ ബാവ അനുസ്മരണ പ്രസംഗമത്സരം

പരിശുദ്ധ ഔഗേൻ ബാവാ അനുസ്മരണ പ്രസംഗം ഭദ്രാസനതലത്തിൽ നടക്കുന്ന സഹപാഠ്യ മത്സരത്തോടൊപ്പം ഹയർസെക്കണ്ടറി വിഭാഗത്തിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമായി നടത്തുന്നതാണ്. ഇതിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സോണൽ തല പ്രസംഗമത്സരത്തിൽ പങ്കെടുക്കാം. പരിശുദ്ധ ഔഗേൻ ബാവാ സ്മാരക പുരസ്കാരം ഓരോ സോണിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്കായിരിക്കും നൽകുന്നത്. ഔഗേൻ ബാവായുടെ ജീവിതവുമായി ബന്ധപ്പെട്ട ഒരു വിഷയമായിരിക്കും പ്രസംഗ വിഷയം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഭദ്രാസന മത്സരങ്ങൾക്കുമുമ്പ് ഹെഡ്മാസ്റ്റർ മുഖേന പേരുകൾ രജിസ്റ്റർ ചെയ്യണം. കൂടുതൽ കുട്ടികൾ മത്സരിക്കാനുണ്ടെങ്കിൽ ഡിസ്ട്രിക്ട് തലത്തിൽ മത്സരം നടത്താവുന്നതാണ്.



**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ